## വിദേശ ജോലി വാഗ്ദാനം ചെയ്തുള്ള തട്ടിപ്പുകേസ്സുകൾ

156 (T 5087) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പുകേസ്സുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ഇത്തരം കേസ്സുകൾ അന്വേഷിക്കാൻ പ്രത്യേക സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇത്തരം കേസ്സുകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രത്യേക സംവിധാനം നിലവിലില്ല. എന്നാൽ അന്താരാഷ്ട്ര/അന്തർ സംസ്ഥാന ബന്ധങ്ങൾ ഉള്ള തട്ടിപ്പ് കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കേസുകൾ അന്വേഷിക്കുവാൻ ക്രൈംബ്രാഞ്ച് വിഭാഗത്തെ ചുമതലപ്പെടുത്താറുണ്ട്. കൂടാതെ വലിയ വ്യാപ്തിയിലുള്ള തട്ടിപ്പുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തുവാൻ ഉത്തരവ് നൽകാറുണ്ട്.

(ഡി) ജനമൈത്രി പോലീസ് പദ്ധതി, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ മുഖേനയും പത്രമാധ്യമങ്ങളിലൂടെയും ഇത്തരം തട്ടിപ്പുകൾക്ക് ഇരയാകരുത് എന്നും വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് സമീപിക്കുന്ന സ്ഥാപനങ്ങൾ/വ്യക്തികളുടേയോ ആധികാരിത ഉറപ്പുവരുത്തണമെന്നും, ഇവർക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ അംഗീകാരം ഉണ്ടോ എന്നും പരിശോധിച്ച് സംശയം എന്തെങ്കിലും ഉണ്ടെങ്കിൽ പോലീസിനെ അറിയിക്കണമെന്നും ബോധവൽക്കരണം നടത്തിവരുന്നു.

## ഭൂമി തട്ടിപ്പും വിജിലൻസ് അന്വേഷണവും

157 (5088) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി തട്ടിപ്പ് കേസ്സുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(ബി) ഭൂമി തട്ടിപ്പുകൾ തടയാനും ഇത്തരം കേസ്സുകൾ പ്രത്യേകമായി കൈകാര്യം ചെയ്യാനും വിജിലൻസിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) ഭൂമി തട്ടിപ്പ് നടത്തിയ ക്രിമിനലുകൾക്ക് ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നുള്ള സഹായം ലഭിച്ചിട്ടുണ്ടെന്നകാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ;

(ഡി) ഭൂമി തട്ടിപ്പ് കേസിൽ മുഖ്യമന്ത്രിയുടെ ഗൺമാൻ സലിംരാജിനെ വിജിലൻസ് ചോദ്യം ചെയ്ത രീതിയിൽ ഹൈക്കോടതി കടുത്ത അതൃപ്തി രേഖപ്പെടുത്താൻ ഇടയായ സാഹചര്യം എന്തായിരുന്നു ;

(ഇ) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം കുറ്റങ്ങൾ തെളിയിക്കപ്പെട്ടിട്ടുണ്ട് ; അറസ്റ്റ് ചെയ്യപ്പെട്ട കുറ്റവാളികൾ എത്ര ; ആരൊക്കെ ; വ്യക്തമാക്കാമോ ?

## ഉത്തരം

(എ) ഭൂമി തട്ടിപ്പുകൾ സംബന്ധിച്ച വിജിലൻസ് കേസ്സുകൾ താരതമ്യേന കുറവാണ്.

(ബി) പ്രധാനമായ കേസ്സുകളിൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം നടത്തുകയും, മറ്റുവകുപ്പിലെ വിദഗ്ദ്ധരായ ഉദ്യോഗസ്ഥന്മാരുടെ സേവനം അന്വേഷണത്തിന് ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ വിജിലൻസ് കേസ്സുകളിലെ അന്വേഷണങ്ങൾ എല്ലാംതന്നെ കോടതിയുടെ മേൽനോട്ടത്തിലും കർശന നിരീക്ഷണത്തിലുമാണ് നടത്തുന്നത്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ തന്നെ ഇത്തരം കേസുകളിൽ ശക്തമായ അന്വേഷണം നടത്തുവാൻ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സാധിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം കടകംപള്ളി ഭൂമിതട്ടിപ്പ്, എറണാകുളം കളമശ്ശേരി ഭൂമിതട്ടിപ്പ് തുടങ്ങിയവയിലുള്ള വിജിലൻസ് അന്വേഷണങ്ങൾ നിലവിൽ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന് കൈമാറിയിരിക്കുന്നതിനാൽ മറ്റുവിവരങ്ങൾ ലഭ്യമല്ല.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയോട് രേഖാമൂലം അതൃപ്തി രേഖപ്പെടുത്തിയിട്ടില്ല.

(ഇ) അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സമർപ്പിക്കുമ്പോഴാണ് കുറ്റക്കാരുടെ വിവരങ്ങൾ ലഭിക്കുന്നത്. എന്നാൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കെ അന്വേഷണം സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന് കൈമാറിയതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly